റാവുസാഹിബ് എം. എം. പോൾ : അന്വേഷിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : പത്തേമാരി മുങ്ങിപ്പോയിട്ടുള്ളതു് എനിമി ആക്ഷൻ കൊണ്ടാണോ?

റാവുസാഹിബ് എം. എം. പോൾ : നോട്ടീസ്സു വേണം.

മിസ്റ്റർ സി. ജെ. ചിറയത്തു് : ഇൻഷുറൻസു കമ്പനികൾ ഏതെല്ലാമാണെന്നു പറയാമോ?

റാവുസാഹിബ് എം. എം. പോൾ : നോട്ടീസ്സു വേണം.

PERMITS FOR THE TRANSPORT OF PADDY—DELAY IN ISSUE OF

143. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെന്റു് സദയം മറുപടി പറയുമോ.—

(എ) നെല്ലുകൊണ്ടുപോകാൻ അനുവാദത്തിനു് അപേക്ഷിച്ചാൽ പെർമിറു കിട്ടണമെങ്കിൽ എത്ര മാസത്തെ താമസം വേണ്ടിവരും;

(ബി) വിരിപ്പു കൃഷിയിലെ നെല്ലു് വീട്ടാവശ്യത്തിലേക്കു കൊണ്ടുപോകുവാൻ പെർമിറു അപേക്ഷിച്ചിട്ടു പെർമിറു കൊടുക്കാത്ത അപേക്ഷ ഇനിയും എത്ര ബാക്കിയുണ്ടു്;

(സി) പെർമിറു കൊടുക്കുവാൻ ഇത്ര അധികം താമസിക്കുന്നതിനുള്ള കാരണം എന്തു്?

റാവു സാഹിബ് എം. എം. പോൾ: (എ) പെർമിറു കൊടുക്കുന്നതിനു് മതിയായ വിവരങ്ങളോടുകൂടി കിട്ടുന്ന അപേക്ഷകൾക്കു് അപ്പപ്പോൾത്തന്നെയും അല്ലാത്തവയ്ക്കു വേണ്ടത്ര വിവരങ്ങൾ ശേഖരിച്ചതിനുശേഷവും പെർമിറുകൾ കൊടുക്കുന്നുണ്ടു്. സാധാരണ ഗതിയിൽ ദിവസത്തിനകം പെർമിറു കൊടുക്കുന്നതാണു്. എന്നാൽ പൂർണ്ണവിവരങ്ങളടങ്ങാത്ത ഹരജികൾക്കു കൂടുതൽ കാലതാമസം വന്നേക്കാം. മാരോ ഹണ്ട്രഡിയെപ്പറ്റിയും നടത്തേണ്ട അന്വേഷണങ്ങളുടെ സ്വഭാവം അനുസരിച്ചായിരിക്കും മറുപടി അയക്കുവാനുള്ള താമസം.

(ബി) ഇന്നപ്പുവിലെ നെല്ലിനുള്ള ഇത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നു പറയുവാൻ സാദ്ധ്യമല്ല. ഏപ്രിൽ മാസം മുതൽ മിഥുനം ഏഴാംതീയതി വരെ 16th August 1944 to 15th July 1945 നെല്ലോ അരിയോ കൊണ്ടുപോകുവാൻ പെർമിറുവാശ്യപ്പെട്ടുകൊണ്ടു് കിട്ടിയിട്ടുള്ള ഏഴു നൂറു അപേക്ഷകളിൽ ഏഴു അപേക്ഷകൾ മാത്രമെ ബാക്കിയുള്ളു.

(ഡി) അപേക്ഷകന്മാർ നിയമാനുസരണം ഗവൺമെന്റിലേക്കു സമർപ്പിക്കേണ്ടതായ കൃഷിസംബന്ധമായ വിവരങ്ങളടങ്ങിയ പട്ടികകൾ സമർപ്പിക്കാതിരിക്കുമ്പോഴോ അഥവാ അതുകൾ സമർപ്പിക്കുകയാണെങ്കിൽത്തന്നെ അവയിൽ വേണ്ടത്ര വിവരങ്ങൾ പൂർണ്ണമായിലഭിക്കാതിരിക്കുമ്പോഴോ ആണു് പെർമിറു കിട്ടുവാൻ താമസം നേരിടുന്നതു്. അപ്രകാരമല്ലാത്ത ന്യായമായ അപേക്ഷകളെ സംബന്ധിച്ചു് താമസം നേരിടുന്നില്ല.

മിസ്റ്റർ കെ. എസ്. പണിക്കർ: ഏപ്രിൽ മാസം നൂറാംതീയതി കോട്ടയത്തിൽനിന്നു എറണാകുളത്തേക്കു നെല്ലു് കൊണ്ടുവരുവാൻ പർമിറു കിട്ടണമെന്നു് എറണാകുളം നിവാസിയായ കൊച്ചുവക്കി അപേക്ഷിച്ചതു് എത്ര മാസം കഴിഞ്ഞാണു് അനുവദിച്ചതു്?

റാവുസാഹിബ് എം. എം. പോൾ : നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എത്ര പ്രാവശ്യം വക്കീൽ മിസ്റ്റർ ചെറിയാൻ മാഞ്ഞൂരാനെ കൂട്ടി ഹാജരായിട്ടുണ്ടു്?

റാവുസാഹിബ് എം. എം. പോൾ : പലപ്പോഴും ഹാജരായിട്ടുണ്ടു്. കൊച്ചുവക്കിയുടെ കണക്കുകളിൽ ചില പിശകുകളെല്ലാമുണ്ടെന്നു് ആക്ഷേപമുണ്ടായി. വലിയ അന്വേഷണം നടത്തി കണ്ടുപിടിക്കുകയുണ്ടായി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : വിലയ എന്നു പറഞ്ഞാൽ ഹിമാലയത്തോളം വരുമോ? അദ്ദേഹത്തിന്റെ ചിലവു വകകളുള്ള നെല്ലു് അനുവദിച്ചിട്ടുണ്ടോ?

റാവുസാഹിബ് എം. എം. പോൾ : ഉവ്വു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എന്നാണു് അനുവദിച്ചതു്?

റാവുസാഹിബ് എം. എം. പോൾ : നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ബ്ലാക്ക മാക്കറിനെ പ്രോത്സാഹിപ്പിച്ചുവെന്നുള്ളതല്ലേ കുറ്റം?

റാവുസാഹിബ് എം. എം. പോറ്റി: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പാവ്വത്യക്കാർ അളേഹത്തോട് കുറച്ചു ഉരുപ്പിക ചോദിച്ചുതായി കംപ്ലെയിൻറ് ഉണ്ടോ?

റാവുസാഹിബ് എം. എം. പോറ്റി: നോട്ടീസ്സു വേണം. കൊച്ചുവക്കിയുടെ കാര്യത്തിലുള്ള നടപടികൾ അവസാനിക്കാറായി എന്നാണ് തോന്നുന്നതു്.

Mr. President: Order, order. The time for questions and answers has expired.

TEXT BOOK COMMITTEE

144. Miss Annie Joseph *(Trichur-Women):* Will Government be pleased to state.—

(*a*) when was the present Text Book Committee constituted;

(*b*) was the opinion of the public invited before adopting the rules and regulations of the Text Book Committee;

(*c*) were the rules and regulations of the said committee placed before the Education Advisory Committee;

(*d*) are there elected representatives of the Legislative Council on the Committee?

Rao Sahib I. N. Menon *(Director of Public Instruction):* (*a*) In December 1943.

(*b*) No. It was not deemed necessary to invite public opinion on a purely technical question like this.

(*c*) No.

(*d*) Yes.

SEA EROSION—CHELLANAM

145. Mr. P. M. Mayankutty *(Mattancheri):* Will Government be pleased to state.—

(*a*) whether the Government have received any representation from the inhabitants of Che'lanam regarding the havoc caused by the recent sea erosion;

(*b*) if so, what steps are taken in the matter?

Mr. V. K. Aravindaksha Menon *(Chief Engineer):* (*a*) Yes.

(*b*) Government are protecting the sea coast from Cochin to Chellanam by constructing groynes.

PERUNTHODE—CRANGANUR

146. മിസ്റ്റർ പി. എം. മുഹമ്മത് അഷ്റഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയം മറുപടി പറയുമോ.—

കൊടുങ്ങല്ലൂരിലെ പെരുന്തോട്ടു താഴ്ത്തി വാഹനങ്ങൾക്കു ഗതാഗതം ചെയ്യുവാൻ സൌകര്യമുണ്ടാക്കിക്കൊടുക്കുന്നതു നെക്കുറിച്ചു് ഗവൺമെണ്ടിനു് നാട്ടുകാരുടെ എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വു്; ഈ സംഗതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്; എന്നാൽ കൊടുങ്ങല്ലൂരിലെ ധനസ്ഥിതികൊണ്ടു ഈ പണി തല്ക്കാലം ചെയ്യുന്നതിനു് അനുവദിക്കുന്നില്ല.

STORAGE OF WATER—KOLE CULTIVATION—PARTICULARS OF

147. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ ർ ം കൊല്ലങ്ങൾക്കുള്ളിൽ കൃഷിയാവശ്യമായിട്ടുള്ള ജലസേചന പദ്ധതികൾക്കായി ഗവൺമെണ്ടു എത്ര മൂലധനം ചിലവാക്കീട്ടുണ്ടു്;

(ബി) കോൾകൃഷി ആവശ്യമായി എത്ര ചിലവാക്കീട്ടുണ്ടു്;

(സി) കോൾകൃഷിയുടെ രക്ഷക്കായി ചാലക്കുടിയിൽനിന്നോ മറ്റു് എതെങ്കിലും വഴിക്കോ വെള്ളം കൊണ്ടുവരുന്നതിനു് ഗവൺമെണ്ടു ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു് എത്ര നിലയിൽ ഇരിക്കുന്നു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ), (ബി) ആവശ്യപ്പെട്ടിരിക്കുന്ന വിവരത്തിന്റെ വില ആ വക വിവരങ്ങൾ സമ്പാദിപ്പാൻ ചിലവിടേണ്ടിവരുന്ന സമയത്തിനും ബുദ്ധിമുട്ടിനും അനുരൂപമായിട്ടുള്ളതാണെന്നും ഗവൺമെണ്ടു് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly